**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 910** **24-02-2022 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ അക്രമങ്ങൾ തടയുന്നതിനായി നിലവിലുള്ള സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി പരിശോധിച്ചിട്ടുണ്ടോ; കണക്കുകൾ ലഭ്യമാക്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം മൂലം ഉണ്ടായിട്ടുള്ള മരണം, പരിക്കുകൾ, കന്നുകാലി നഷ്ടം, കൃഷി നഷ്ടം എന്നിവയ്ക്ക് വേണ്ടി ലഭിച്ചിട്ടുള്ള മൊത്തം അപേക്ഷകളുടെ എണ്ണം പരിശോധിച്ചതിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് 2020-21 കാലഘട്ടത്തിൽ അപേക്ഷകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ വർഷവും ലഭിച്ച അപേക്ഷകളുടെ കണക്കുകൾ അനുബന്ധം-1 ൽ ചേർക്കുന്നു. |
| (ബി) | വന്യമൃഗ ആക്രമണങ്ങൾ തടയുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ പുതുതായി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൻറെ 06.02.2021-ലെ F.No.8-60/20 WL (Part I) അഡ്വൈസറിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി നേരിടുന്നതിന് വേണ്ടി കോർഡിനേഷൻ കമ്മിറ്റികൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ച് സ.ഉ. (സാധാ) നം. 402/2021/വനം തീയതി 09.12.2021 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് സമർപ്പിച്ച പദ്ധതിയെകുറിച്ച് ചർച്ച ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10.01.2022-ൽ യോഗം ചേർന്നിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ച് വരുന്നതുമാണ് മനുഷ്യ-വന്യജീവി സംഘർഷം അടുത്ത 10 വർഷത്തേയ്ക്ക് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ 1150 കോടി രൂപയുടെ ഒരു പദ്ധതിയും |

| | | | |
|---|---|---|---|
| | | | പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25.01.2021-ന് സമർപ്പിച്ചിട്ടുണ്ട്. അടുത്തിടെയായി പഞ്ചായത്തുകളുടെ ഫണ്ടുകളും എം.എൽ.എ. ഫണ്ടും വന്യമൃഗനാശങ്ങൾ പ്രതിരോധിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾ 3.2 കോടി രൂപ അനുദിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ 55 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സുൽത്താൻ ബത്തേരി എം.എൽ.എ. 1 കോടി രൂപയും കൽപ്പറ്റ എം.എൽ.എ. 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. |
| (സി) | നിലവിൽ അക്രമങ്ങൾ തടയുന്നതിനായി ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; കണക്കുകൾ ലഭ്യമാക്കാമോ; പ്രസ്തുത ജാഗ്രതാ സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | രൂപീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ തദ്ദേശീയരും ജന പ്രതിനിധികളും വന ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ സ.ഉ. (സാധാ) നം. 51/2017/വനം തീയതി 07.02.2017 പ്രകാരം രൂപീകരിച്ച് 2017 മുതൽ പ്രവർത്തിച്ച് വരുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് / മുനിസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷനും, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് / മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ഉപാദ്ധ്യക്ഷനും, ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചാത്ത് മെമ്പർ എന്നിവർ അംഗങ്ങളുമായ 261 ജനജാഗ്രതാ സമിതികൾ നിലവിൽ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 204 ജന ജാഗ്രതാ സമിതികൾ നിലവിലുണ്ടായിരുന്നു. ജനജാഗ്രതാ സമിതികൾക്ക് മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള ഉത്തരവാദിത്തങ്ങളും കടമകളും ചുവടെ ചേർക്കുന്നു. വന്യജീവി ആക്രമണം ഉണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിൻറെ ജനകീയ മുഖമായി പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുക. പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് വനം വകുപ്പിനെ അറിയിക്കുക. മൂന്ന് മാസത്തിലൊരിക്കൽ യോഗം കൂടി വേണ്ട ശുപാർശകൾ വനം വകുപ്പ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുക. നിലവിൽ നിർമ്മിച്ചിട്ടുള്ള ഫെൻസിംഗ് ഉൾപ്പെടെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റയിഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും കമ്മറ്റിയിൽ ചർച്ചചെയ്ത് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക. വന്യജീവി ആക്രമണം ഉണ്ടാകുന്ന പക്ഷം സ്ഥലത്തെത്തി വേണ്ട |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കാൻ വനം വകുപ്പിനെ സഹായിക്കുക. വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി ചെയ്യുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വകുപ്പിൻറെ നടപടികളിൽ പങ്കാളികളാകുക. വന്യജീവികൾ കാടിന് പുറത്തേയ്ക്ക് വരുന്നത് തദ്ദേശവാസികളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പ് വരുത്തുക. സർക്കിൾ തിരിച്ചുള്ള കണക്ക് അനുബന്ധം-2ൽ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

| വർഷം | അപേക്ഷകളുടെ എണ്ണം |
|---|---|
| 2015-16 | 6022 |
| 2016-17 | 7765 |
| 2017-18 | 9333 |
| 2018-19 | 8125 |
| 2019-20 | 6859 |
| 2020-21 | 10095 |

അനുബന്ധം-2

| സർക്കിൾ | ജനജാഗ്രതാ സമിതിയുടെ എണ്ണം |
|---|---|
| സതേൺ സർക്കിൾ, കൊല്ലം | 76 |
| ഹൈറെയിഞ്ച് സർക്കിൾ, കോട്ടയം | 37 |
| സെൻട്രൽ സർക്കിൾ, തൃശൂർ | 23 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 41 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 65 |
| എ.ബി.പി. സർക്കിൾ, തിരുവനന്തപുരം | 5 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 6 |
| വൈൽഡ്‌ലൈഫ് സർക്കിൾ, പാലക്കാട് | 8 |
| ആകെ | 261 |